13599
24/12/20

"ഭരണഭാഷ മാതൃഭാഷ"

**കേരള സർക്കാർ**

നം.സാനീവ-ബി1/355/2020-സാനീവ

സാമൂഹ്യനീതി (ബി) വകുപ്പ്
തിരുവനന്തപുരം, തീയതി 18/12/2020

## സർക്കുലർ

വിഷയം:- സാമൂഹ്യനീതി വകുപ്പ് - ഐസിഡിഎസ് - കോവിഡ് പശ്ചാത്തലത്തിൽ അടഞ്ഞുകിടക്കുന്ന അങ്കണവാടികളുടെ പ്രവർത്തനം പുനരാരംഭിക്കുന്നത് - പ്രൊപ്പോസൽ - സംബന്ധിച്ച്.

സൂചന:- 1. 11.03.2020 ലെ ഐസിഡിഎസ്/ബി6-4509/20 നമ്പർ പരിപത്രം.
2. കേന്ദ്ര സർക്കാരിന്റെ 17.10.2020 ലെ എ.ഫ്.നം.പി.എ/85/2020-സി.പി.എം.യു.സി.നം.85941 നമ്പർ കത്ത്.
3. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 10.12.2020 ലെ ഐസിഡിഎസ്/ബി6-15268/2020 നമ്പർ കത്ത്.

സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും കൊറോണ വൈറസ് ബാധ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് 10/03/2020 ന് കൂടിയ മന്ത്രിസഭാ യോഗത്തിൽ അങ്കണവാടി പ്രീ സ്കൂൾ കുട്ടികൾക്കും അവധി പ്രഖ്യാപിച്ചതിനെത്തുടർന്ന് സംസ്ഥാനത്തിലെ മുഴുവൻ അങ്കണവാടി പ്രീസ്കൂൾ കുട്ടികൾക്കും താല്ക്കാലിക അവധി നല്കി സൂചന (1) പ്രകാരം അങ്കണവാടികളുടെ പ്രവർത്തനം ക്രമീകരിച്ച് ഉത്തരവായിരുന്നു. ആയതിൽ ഫീഡിംഗ് ടേക്ക് ഹോം റേഷൻ ആയി നല്കുക, നാഷണൽ ന്യൂട്രീഷൻ മിഷൻ, പദ്ധതിയുമായി ബന്ധപ്പെട്ട സർവ്വേകൾ, ദൈനംദിന ഭവന സന്ദർശനങ്ങൾ മുതലായവ തടസ്സം കൂടാതെ നടത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. എങ്കിലും കോവിഡ് വ്യാപനം അതിരൂക്ഷമായി തുടർന്ന സാഹചര്യത്തിൽ പ്രസ്തുത പരിപത്രത്തിലെ നിർദ്ദേശങ്ങളിൽ ഫീഡിംഗ് മാത്രമേ മുടങ്ങാതെ നടത്തിയുള്ളൂ. ടി സർവ്വേകളൊക്കെ നിർത്തി വയ്ക്കേണ്ട സാഹചര്യമായിരുന്നു സംജാതമായത്.

അങ്കണവാടികളുടെ പ്രവർത്തനം ചുവടെ പറയുന്ന വ്യവസ്ഥയോടെ പുനരാരംഭിക്കാൻ അനുമതി നല്കണമെന്ന് അഭ്യർത്ഥിച്ച് സൂചന (3) പ്രകാരം വനിത ശിശു വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

1. 21.12.2020 മുതൽ രാവിലെ 9.30 ന് വർക്കറും, ഹെൽപ്പറും അങ്കണവാടിയിൽ എത്തിച്ചേരേണ്ടതാണ്.

2. സി.എ.എസ് ഫോണുകൾ വന്നതിന് ശേഷം അങ്കണവാടി വർക്കർമാർ രജിസ്റ്ററുകളിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടായിരുന്നില്ല എന്ന വിവരം ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ, അങ്കണവാടിയിൽ സൂക്ഷിച്ചിട്ടുള്ള 11 രജിസ്റ്ററുകളിലും യഥാസമയം രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതാണ്.

3. ഗ്രോത് ചാർട്ടിൽ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

4. ഇ.സി.സി പ്രോഗ്രാംസ് നടത്തേണ്ടതാണ്.

5. അങ്കണവാടികളോടനുബന്ധിച്ചുള്ള ന്യൂട്രിഗാർഡൻ ശരിയാംവിധം പരിപാലിക്കേണ്ടതാണ്.

6. എ.എൽ.എം.എസ്.സി കൂടേണ്ടതാണ്.

7. ഫീഡിംഗ് ടേക്ക് ഹോം റേഷൻ ആയി തന്നെ തുടരേണ്ടതാണ്.

8. കുടുംബങ്ങളിലേയ്ക്ക് അങ്കണവാടികൾ എന്ന പദ്ധതി തുടരേണ്ടതാണ്.

9. നാഷണൽ ന്യൂട്രീഷൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ടുള്ള സർവ്വേകൾ, ദൈനംദിന ഭവന സന്ദർശനങ്ങൾ എന്നിവ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ഉച്ചയ്ക്ക് ശേഷം നടത്തേണ്ടതാണ്.

10. പ്രസ്തുത കാര്യങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് ബന്ധപ്പെട്ട സൂപ്പർവൈസർ, സി.ഡി.പി.ഒ എന്നീ ഉദ്യോഗസ്ഥർ അങ്കണവാടി സന്ദർശിച്ച് ഉറപ്പാക്കേണ്ടതാണ്.

11. ഇത് കൂടാതെ കോവിഡ് വാക്സിൻ വിതരണവുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പിന്റെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

ഓൺലൈൻ ക്ലാസ്സ് എടുക്കുന്നതിന്റെ പ്രായോഗികത വനിത ശിശു വികസന വകുപ്പ് ഡയറക്ടർ പരിശോധിക്കേണ്ടതാണ്. കേന്ദ്ര സർക്കാരിന്റെ സൂചന(2) ലെ മാർഗ്ഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, മേൽ നിർദ്ദേശങ്ങൾ പാലിച്ച് സംസ്ഥാനത്തെ അങ്കണവാടി പ്രവർത്തകരുടെ സേവനം പുനരാരംഭിക്കാൻ അനുമതി നല്കുന്നു.

**ബിജു പ്രഭാകർ**
**സെക്രട്ടറി**

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ